**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 614**
**11.12.2012–ലെ മറുപടിക്ക്**

**ചാത്തന്നൂർ സബ് ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | ചാത്തന്നൂരിൽ സബ് ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് ഭൂമി റവന്യൂ വകുപ്പ് ട്രഷറി വകുപ്പിന് കൈമാറിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | ഉണ്ട്. 24.11.2011ലെ ജി.ഒ (എം.എസ്) നം: 430/2011/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചാത്തന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ 4.05 ആർ റവന്യൂ ഭൂമി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ട്രഷറി വകുപ്പിന് കൈമാറി നൽകി ഉത്തരവായിട്ടുണ്ട്. |
| ബി) | നിലവിൽ ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം അര ദശാബ്ദത്തിന് മുൻപ് നിർമ്മിക്കപ്പെട്ടതും ഇപ്പോൾ നാഷണൽ ഹൈവേ വികസനത്തിനായി ഗവൺമെന്റ് ഏറ്റെടുക്കുന്ന ഭൂമിയിൽ നിൽക്കുന്നതുമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ട്രഷറി ഡയറക്ടറിൽ നിന്നും ശുപാർശ ലഭ്യമാകുന്ന മുറക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| സി) | എങ്കിൽ ലഭ്യമാക്കിയ ഭൂമിയിൽ അടിയന്തിരമായി ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ തുക അനുവദിച്ച് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ